"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജ്ജന പദ്ധതികൾക്ക് ആവശ്യമായ പിക്ക് അപ്പ് വാൻ/ ഇലക്ട്രിക് ഓട്ടോ എന്നിവ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിൽ (KAL) നിന്നും വാങ്ങുന്നത് - ഒരു വർഷത്തേയ്ക്ക് മാത്രം വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**G.O.(Rt) No.2159/2022/LSGD തീയതി,തിരുവനന്തപുരം, 02-09-2022**

---

പരാമർശം:- കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 04.03.2022-ലെ KAL/MDO/2021-22/ 544 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾക്കായി 3 വീലർ ഇലക്ട്രിക് ഓട്ടോറിക്ഷകളും അനുബന്ധ വാഹനങ്ങളായ പിക്ക് അപ്പ് വാൻ, ഡെലിവറി വാൻ, തുടങ്ങിയ വാഹനങ്ങളും ടെൻഡർ നടപടികളില്ലാതെ കേരള ഓട്ടോ മൊബെലെൽസ് ലിമിറ്റഡിൽ (KAL) നിന്നും വാങ്ങുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് പരമാർശം പ്രകാരം ഒരു പ്രൊപോസൽ സമർപ്പിച്ചിരുന്നു. ഇപ്രകാരം വാങ്ങുന്ന വാഹനങ്ങൾക്ക് അടിസ്ഥാന വിലയിൽ 2% കിഴിവ്, ബാറ്ററിയ്ക്ക് 3 വർഷ വാറണ്ടി, 5 ഫ്രീ സർവ്വീസ് എന്നിവ നൽകുമെന്നും കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് ഉറപ്പ് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജന പദ്ധതികൾക്ക് ആവശ്യമായ പിക്ക് അപ്പ് വാൻ/ ഇലക്ട്രിക് ഓട്ടോ എന്നിവ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിൽ (KAL) നിന്നും ഗുണ നിലവാരം ഉറപ്പ് വരുത്തിക്കൊണ്ടും ടി സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള ഇളവുകളോടെയും ഒരു വർഷത്തേയ്ക്ക് മാത്രം വാങ്ങുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

i) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുള്ള കാലയളവിനുള്ളിൽ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് മേൽ പരാമർശിച്ചിട്ടുള്ള വാഹനങ്ങൾ GeM പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ii) കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് മേൽ പരാമർശിച്ചിരിക്കുന്ന തരം വാഹനങ്ങൾക്ക് ഓഫർ ചെയ്യുന്ന അടിസ്ഥാന വില (ex-showroom price) ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനത്തിന് PIAGGIO, Mahindra മുതലായ പ്രമുഖ കമ്പനികൾ GeM പോർട്ടലിൽ ഓഫർ ചെയ്യുന്ന വിലയേക്കാൾ കുറവായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
JOINT SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ്
എസ്കിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചയായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
സ്റ്റോർ പർച്ചേസ് (ബി ) വകുപ്പ് (SPD-B2/4/2022-SPD)
ധനകാര്യ (വികസന )വകുപ്പ് (2140406/Dev3/154/22/Fin)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്